(സി) സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് അച്ചടിജോലികൾ നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയുള്ള കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി കർണ്ണാടക പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി ഡയറക്ടർ ശ്രീ. എച്ച്. ഗംഗയ്യ ചെയർമാനായും ഗവ: പ്രസ്സുകളുടെ മുൻ സൂപ്രണ്ട് ശ്രീ. കെ. സ്വാമിനാഥൻ എച്ച്. എം.ടി. കമ്പനിയുടെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. കെ. രാംകുമാർ എന്നിവർ അംഗങ്ങളായും ഗവ. പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീ. മാത്യു വി. ജോൺ കൺവീനറായും ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിലെ (25.11.98-ലെ ജി.ഒ.(പി) 3000/98/ഉവിവ) പ്രകാരം സേവന വേതന വ്യവസ്ഥകൾ അച്ചടി വകുപ്പിലെ തൊഴിലാളികൾക്കും ബാധകമാണ്.

46 (1152) കമ്മീഷൻ ചെയ്ത ജലസേചന പദ്ധതികൾ

<u>ശ്രീ. എ. കണാരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര ജലസേചന പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ വൻകിട പദ്ധതികളുണ്ടോ;

(സി) ചെറുകിട പദ്ധതികളെത്ര;

(ഡി) നിർമ്മാണ പൂർത്തീകരണത്തിന് എത്ര തുകയാണ് ചെലവായിട്ടുള്ളത്;

(ഇ) പദ്ധതികളെ സംബന്ധിച്ച് ജില്ലതിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇടത്തരം മേഖലയിൽപ്പെട്ട കുണ്ടമൺകടവ് ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതി 31.5.1999ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. ചെറുകിട ജലസേചനമേഖലയിൽ 207 (ഇരുനൂറ്റി ഏഴ്) പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇരുനൂറ്റി ഏഴ് എണ്ണം

(ഡി) ചെറുകിട പദ്ധതികളുടെ നിർമ്മാണ പൂർത്തീകരണത്തിന് 9816.93 ലക്ഷം രൂപ ചെലവായി.

(ഇ) ഭാഗികമായി കമ്മീഷൻ ചെയ്ത കുണ്ടമൺകടവ് ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതി എറണാകുളം ജില്ലയിലാണ്. ചെറുകിട പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly